# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 62/11/12/2023/ TVM/349/2023**

പരാതികക്ഷി : ശ്രീമതി ഏലിയാമ്മ ലിവിങ്സ്റ്റൺ,റ്റി.സി.14/1260
ഒബ്സർവേറ്ററി ലൈൻ,പാളയം
തിരുവനന്തപുരം

എതിർകക്ഷികൾ : റോബർട്ട്

**ഉത്തരവ് തീയതി 09.05.2024**

73 വയസ് പ്രായമുള്ള പരാതികക്ഷി ക്യാൻസർ രോഗിയാണെന്നും, എതിർകക്ഷിയായ മകൻ തന്നെ നിരന്തരം ഉപദ്രവിക്കുകയും അസഭ്യം പറയുകയും ചെയ്യുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ മ്യൂസിയം പോലീസ് ഇൻസ്പെക്ടർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയുമായി ബന്ധപ്പെട്ട് എതിർകക്ഷിയെ കണ്ട് ചോദിച്ചതിൽ പരാതികക്ഷി മാനസ്സിക പ്രശ്നങ്ങൾ ഉള്ള ആളാണെന്നും ഉപദ്രവിക്കാറില്ലായെന്നും, വിദേശത്തുള്ള പരാതികക്ഷിയുടെ മകളോട് ഫോൺ മുഖാന്തിരം ബന്ധപ്പെട്ട് ചോദിച്ചതിൽ പരാതികക്ഷിക്ക് മാനസിക പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലായെന്നും, എതിർകക്ഷി പരാതികക്ഷിയെ ഉപദ്രവിക്കുന്നതായി അറിവില്ലായെന്നും, അയൽവാസികളോട് അന്വേഷിച്ചതിലും ടിയാൾക്ക് മാനസിക പ്രശ്നങ്ങൾ ഉള്ളതായി തോന്നിയിട്ടില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

ടി പരാതിയിൽ അന്വേഷണം നടത്തിയതിൽ ഇരുകക്ഷികൾക്കും ഇടയിൽ വളരെ നാളുകളായി വസ്തു സംബന്ധമായ തർക്കങ്ങൾ നിലനിൽക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുള്ളതും ഇരുവരും അധികാരകേന്ദ്രങ്ങളിൽ പരസ്പരം പരാതികൾ നൽകിവരുന്നതായും, ടി വിഷയം ഒരു സിവിൽ വിഷയം ആയതിനാൽ കോടതി വഴി പരിഹരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. വസ്തു സംബന്ധമായ പരാതികൾ കോടതി വഴിയാണ് പരിഹാരം കാണേണ്ടത്. *എന്നാൽ പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും*

തടസ്സം ഉണ്ടായാൽ ആ വിവരം കാണിച്ച് മ്യൂസിയം പോലീസിൽ പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ സംരക്ഷണം നൽകണമെന്ന് കമ്മീഷൻ മ്യൂസിയം പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഉത്തരവിന്റെ പകർപ്പ് മ്യൂസിയം പോലീസ് ഇൻസ്പെക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ. ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ